**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.176 | 26-02-2018 ൽ മറുപടിയ്ക്ക്

**താനൂരിൽ ഫയർ സ്റ്റേഷൻ പ്രവർത്തനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.അബ്ദു റഹിമാൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | 2016-2017 ബഡ്ജറ്റിൽ താനൂരിൽ അനുവദിച്ച ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | താനൂർ ഫയർസ്റ്റേഷൻ നിലവിൽ ഏതു സ്ഥിതിയിലാണുള്ളത് എന്ന് വ്യക്തമാക്കുമോ; | ബി) | സ്ഥിരമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമായിട്ടില്ല. താനൂരിൽ ഫയർ സ്റ്റേഷൻ താൽക്കാലികമായി ആരംഭിക്കുന്നതിന് പരിയാപുരം വില്ലേജിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 40 സെന്റ് സ്ഥലത്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള സൗകര്യങ്ങളോട് കൂടി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട് ഭൂവുടമ സമ്മതപത്രം നൽകിയിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| സി) | പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | സി) | സ്ഥലവും കെട്ടിടവും ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) | നിലവിൽ കണ്ടെത്തിയ സ്ഥലം അനുയോജ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | ഡി) | താൽക്കാലികമായി ഫയർ & റെസ്ക്യൂ സ്റ്റേഷൻ തുടങ്ങുന്നതിന് കണ്ടെത്തിയ പ്രസ്തുത സ്ഥലം പരിശോധിച്ച് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| ഇ) | 2016-17-ലെ ബഡ്ജറ്റിൽ അനുവദിച്ച താനൂർ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ എന്തെങ്കിലും തടസ്സം നില നിൽക്കുന്നുണ്ടോ; | **(ഇ) & (എഫ്)**<br>ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് റവന്യൂ വകുപ്പ് /തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ലഭ്യമായിട്ടില്ല. മേൽപ്പറഞ്ഞ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താൽക്കാലികമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| എഫ്) | താനൂർ ഫയർ സ്റ്റേഷൻ വളരെ വേഗം പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ